19924
20/9/14

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ 10-ാം ശമ്പള പരിഷ്കരണം പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(കൈ)25/2017/സാം.കാ.വ തീയതി, തിരുവനന്തപുരം, 21.08.2017.**

പരാമർശം:- 1. 20.01.16-ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവ്

2. കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ 22/02/2016, 28/01/2017 എന്നീ തീയതികളിലെ 941/2015-16/കെ എസ് എ/എം നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള സാഹിത്യ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകുന്നതിനുള്ള നിർദ്ദേശം കേരള സാഹിത്യ അക്കാദമി സെക്രട്ടറി പരാമർശം (2) പ്രകാരം, സർക്കാരിൽ സമർപ്പിച്ചിരുന്നു. ഒൻപതാം ശമ്പള പരിഷ്കരണത്തിനുശേഷം, കേരള സാഹിത്യ അക്കാദമിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ, ശമ്പളത്തിലോ മറ്റാനുകൂല്യത്തിലോ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ലെന്നും കേരള സാഹിത്യ അക്കാദമി സെക്രട്ടറി അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാഹിത്യ അക്കാദമിയിലെ ജീവനക്കാരുടെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ **20.01.2016**-ലെ സ. ഉ (പി) നം.**07/2016**/ധന നമ്പർ ഉത്തരവിന്റെ അനക്സർ **1** പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജർ | 1 | 18740 - 33680 | 35700 - 75600 |
| 2 | പബ്ലിക്കേഷൻ ഓഫീസർ | 1 | stay order in WP(C)No.8210/2010A | |

| | | | | |
|---|---|---|---|---|
| 3 | ലൈബ്രേറിയൻ ഗ്രേഡ് | 1 | 20740 - 36140 | 39500 - 83000 |
| 4 | സബ് എഡിറ്റർ | 1 | 15380 - 25900 | 29200 - 62400 |
| 5 | സ്റ്റെനോഗ്രാഫർ | 1 | 15380 - 25900 | 29200 - 62400 |
| 6 | അക്കൗണ്ടന്റ് | 1 | 13900 - 24040 | 26500 - 56700 |
| 7 | യു . ഡി . ടൈപ്പിസ്റ്റ് | 1 | 13210 - 22360 | 25200 - 54000 |
| 8 | യു . ഡി . ക്ലാർക്ക് | 2 | 13210 - 22360 | 25200 - 54000 |
| 9 | ലൈബ്രേറിയൻ ഗ്രേഡ് 4 | 1 | 11620 - 20240 | 22200 - 48000 |
| 10 | ജൂനിയർ അക്കൗണ്ടന്റ് | 1 | 9940 - 16580 | 19000 - 43600 |
| 11 | എൽ . ഡി . ക്ലർക്ക് | 4 | 9940 - 16580 | 19000 - 43600 |
| 12 | ഡ്രൈവർ | 1 | 9190 - 15780 | 18000 - 41500 |
| 13 | സെയിൽസ്മാൻ | 1 | 8730 - 13540 | 17000 - 37500 |
| 14 | അറ്റൻഡർ | 2 | 8730 - 13540 | 17000 - 37500 |
| 15 | പ്യൂൺ കം വാച്ച്മാൻ | 1 | 8500 - 13210 | 16500 - 35700 |
| 16 | പ്യൂൺ | 2 | 8500 - 13210 | 16500 - 35700 |
| 17 | ക്ലീനർ | 1 | 8500 - 13210 | 16500 - 35700 |

| | | | | |
|---|---|---|---|---|
| | | | | |
| 18 | ഗാർഡനർ | 1 | 8500 - 13210 | 16500 - 35700 |
| 19 | സ്വീപ്പർ | 1 | 8500 - 13210 | 16500 - 35700 |

**അപ്പൻ തമ്പുരാൻ സ്മാരകം**

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മ്യൂസിയം ഗൈഡ് | 1 | 9940-16580 | 19000-43600 |
| 2 | മ്യൂസിയം അസിസ്റ്റന്റ് | 1 | 9190 - 15780 | 18000-41500 |
| 3 | പ്യൂൺ കം വാച്ച്മാൻ | 1 | 8500 - 13210 | 16500 - 35700 |
| 4 | പാർട്ട് ടൈം സ്വീപ്പർ | 1 | 4850 - 7500 | 9340 - 14800 |

(1)മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ് .

(2) ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20/01/2016- ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ II- ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് കേരള സാഹിത്യ അക്കാദമിയിലെ സർവീസ് മാത്രമേ പരിഗണിക്കുകയുള്ളൂ .

(3) വീട്ടു വാടക ബത്ത 20/01/2016 ലെ സ . ഉ ( പി ) നം. 7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (14)- ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .

(4)സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (16) ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ് .

(5) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ . ഉ (പി) നം.7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (7) ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ് .

(6) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, റേഷ്യോ പ്രൊമോഷൻ, അപ്ഗ്രഡേഷൻ, തസ്തിക പുനർ നാമകരണം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

(7) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള സാഹിത്യ അക്കാദമി ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

(8) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല

(9) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(10) സാഹിത്യ അക്കാദമിയിലെ എല്ലാ നിയമനങ്ങളും (റെഗുലർ, കരാർ, ദിവസക്കൂലി, പ്രൊജക്ട്) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക്, നിയമാനുസൃത രീതിയിൽ മാത്രം, നിയമനം നടത്തേണ്ടതാണ് .

(11) എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം 12% (അടിസ്ഥാന ശമ്പളം + ക്ഷാമബത്ത) ആയിരിക്കും. തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ് .

(12) യാതൊരു സാഹചര്യത്തിലും സർക്കാർ നല്കുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ് .

(13) അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടികവർഗം, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ് .

(14) ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 800/- രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ് .

(15) ശമ്പള നിർണ്ണയം , അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം

കൈകൊള്ളുന്നതിന് സർക്കാരിന്റെ അനുവാദം വാങ്ങേണ്ടതാണ് .

(16) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് അക്കാദമി സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ് .

(17) പബ്ലിക്കേഷൻ ഓഫീസർക്ക് WP(C)No.8210/10(A) നം. ഹർജിയിന്മേലുള്ള അന്തിമവിധി അനുസരിച്ച് ശമ്പള സ്കെയിൽ അനുവദിക്കുന്നതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ ഡയറക്ടർ,
സാംസ്കാരികവകുപ്പ് ഡയറക്ടർ, തൈക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തൃശ്ശൂർ
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ്ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ((E-202466)EDN-C3/54/2016-FIN Dated 02.06.2017 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (12/07/2017 ലെ ഇനം നം.1210 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മിഡിയ ഡിവിഷൻ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.സാംസ്കാരികകാര്യ വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാംസ്കാരികകാര്യ വകപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

AS / Rh / 13/7

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-07-2017

51 ഫയൽ നം.എ1/115/2016/സി.എൽ.എ.ഡി. , ഇനം നം: 1210

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമി ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

52. മേൽ വരിയിലെ ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

B. SUNIL KUMAR
Deputy Secretary to Govt.
Cultural Affairs Department
Govt. Secretariat,
Thiruvananthapuram

14/7/17

GEETHA. K
Addl. Secretary to Government
Cultural Affairs Department
Govt. Secretariat
Thiruvananthapuram

14/7/17

Rh 15/7

ഗവൺമെന്റ് സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 1/115/2016/സി.എൽ.എ.ഡി |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സാഹിത്യ അക്കാദമി ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകുന്നത് - സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16/06/17 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത.കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 01/07/2017 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.നളിനി നെറ്റോ |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03/07/2017 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 06/07/2017 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11/07/2017 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സാഹിത്യ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ 20.01.2016-ലെ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 30.03.2012 ലെ സ.ഉ (എം എസ്) നമ്പർ 22/2012/സാം കാ വ പ്രകാരം കേരള സാഹിത്യ അക്കാദമിയിലെ ജീവനക്കാർക്ക് ഒമ്പതാം ശമ്പള പരിഷ്കരണ അനുവദിച്ച നൽകിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച നൽകണമെന്നും ശമ്പള പരിഷ്കരണത്തിന് ആവശ്യമായി വരുന്ന അധിക തുക അക്കാദമിയ്ക്ക് അനുവദിച്ചിട്ടുള്ള പദ്ധതിയേതരപ്രവർത്തന ഗ്രാന്റിൽ നിന്നും കണ്ടെത്താവുന്നതാണെന്നും കേരള സാഹിത്യ അക്കാദമി സെക്രട്ടറി സർക്കാരിൽ അറിയിച്ച.

3. കേരള സാഹിത്യ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

"കേരള സാഹിത്യ അക്കാദമിയിലെ ജീവനക്കാരുടെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ **20.01.2016-**ലെ സ.ഉ(പി) നം.**07/2016/**ധന നമ്പർ ഉത്തരവിന്റെ അനക്സർ **1** പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണ് .

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജർ | 1 | 18740 - 33680 | 35700 - 75600 |

| | | | | |
|---|---|---|---|---|
| 2 | പബ്ലിക്കേഷൻ ഓഫീസർ | 1 | stay order in WP(C)No.8210/ 2010A | |
| 3 | ലൈബ്രേറിയൻ ഗ്രേഡ് | 1 | 20740 - 36140 | 39500 - 83000 |
| 4 | സബ് എഡിറ്റർ | 1 | 15380 - 25900 | 29200 - 62400 |
| 5 | സ്റ്റെനോഗ്രാഫർ | 1 | 15380 - 25900 | 29200 - 62400 |
| 6 | അക്കൗണ്ടന്റ് | 1 | 13900 - 24040 | 26500 - 56700 |
| 7 | യു . ഡി . ടൈപ്പിസ്റ്റ് | 1 | 13210 - 22360 | 25200 - 54000 |
| 8 | യു . ഡി . ക്ലാർക്ക് | 2 | 13210 - 22360 | 25200 - 54000 |
| 9 | ലൈബ്രേറിയൻ ഗ്രേഡ് 4 | 1 | 11620 - 20240 | 22200 - 48000 |
| 10 | ജൂനിയർ അക്കൗണ്ടന്റ് | 1 | 9940 - 16580 | 19000 - 43600 |
| 11 | എൽ.ഡി . ക്ലാർക്ക് | 4 | 9940 - 16580 | 19000 - 43600 |
| 12 | ഡ്രൈവർ | 1 | 9190 - 15780 | 18000 - 41500 |
| 13 | സെയിൽസ്മാൻ | 1 | 8730 - 13540 | 17000 - 37500 |
| 14 | അറ്റൻഡർ | 2 | 8730 - 13540 | 17000 - 37500 |

| | | | | |
|---|---|---|---|---|
| 15 | പ്യൂൺ കം വാച്ച്മാൻ | 1 | 8500 - 13210 | 16500 - 35700 |
| 16 | പ്യൂൺ | 2 | 8500 - 13210 | 16500 - 35700 |
| 17 | ക്ലീനർ | 1 | 8500 - 13210 | 16500 - 35700 |
| 18 | ഗാർഡനർ | 1 | 8500 - 13210 | 16500 - 35700 |
| 19 | സ്വീപ്പർ | 1 | 8500 - 13210 | 16500 - 35700 |

**അപ്പൻ തമ്പുരാൻ സ്മാരകം**

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മ്യൂസിയം ഗൈഡ് | 1 | 9940-16580 | 19000-43600 |
| 2 | മ്യൂസിയം അസിസ്റ്റന്റ് | 1 | 9190 - 15780 | 18000-41500 |
| 3 | പ്യൂൺ കം വാച്ച്മാൻ | 1 | 8500 - 13210 | 16500 - 35700 |
| 4 | പാർട്ട് ടൈം സ്വീപ്പർ | 1 | 4850 - 7500 | 9340 - 14800 |

(1) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ് .

(2) ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള

വിഷയങ്ങളിൽ 20/01/2016- ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ II- ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് കേരള സാഹിത്യ അക്കാദമിയിലെ സർവീസ് മാത്രമേ പരിഗണിക്കുകയുള്ളു .

(3) വീട്ടു വാടക ബത്ത 20/01/2016 ലെ സ . ഉ ( പി ) നം. 7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (14)- ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്

(4) സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (16) ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്

(5) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ. ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 7 ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ് .

(6) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, റേഷ്യോ പ്രൊമോഷൻ, അപ്ഗ്രഡേഷൻ, തസ്തിക പുനർ നാമകരണം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻ കൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

(7) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള സാഹിത്യ അക്കാദമി ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ് .

(8) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ ( റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല

(9) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ് .

(10) സാഹിത്യ അക്കാദമിയിലെ എല്ലാ നിയമനങ്ങളും ( റെഗുലർ, കരാർ, ദിവസക്കൂലി, പ്രൊജക്ട്) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക്, നിയമാനുസൃത രീതിയിൽ മാത്രം, നിയമനം നടത്തേണ്ടതാണ് .

(11) എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം 12% ( അടിസ്ഥാന ശമ്പളം + ക്ഷാമബത്ത ) ആയിരിക്കും. തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ് .

(12) യാതൊരു സാഹചര്യത്തിലും സർക്കാർ നല്കുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല . പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ

ഉൾപ്പെടുത്തേണ്ടതാണ് .

(13) അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടികവർഗം, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ് .

(14) ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 800/- രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ് .

(15) ശമ്പള നിർണ്ണയം , അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ് .

(16) ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയക്കുകയും ചെയ്യേണ്ടതാണ് .

(17) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് അക്കാദമി സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ് .

(18) പബ്ലിക്കേഷൻ ഓഫീസർക്ക് WP(C)No.8210/10(A) നം. ഹർജിയിന്മേലുള്ള അന്തിമവിധി അനുസരിച്ച് ശമ്പള സ്കെയിൽ അനുവദിക്കുന്നതാണ് .

ഇതിന് **ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ** അംഗീകാരം ഉണ്ട് .

4. ബഹു.മുഖ്യമന്ത്രി കേരള സാഹിത്യ അക്കാദമി ജീവനക്കാരുടെ 10-ാം ശമ്പള പരിഷ്കരണ ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കേരള സാഹിത്യ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ 20.01.2016-ലെ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് സ.ഉ(പി)നം.07/2016/ധന-ന്റെ അനക്സർ 1 പ്രകാരം ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കാമോ?